"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വ. - കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ - റോ-റോ സർവ്വീസിന്റെയും പാസഞ്ചർ ബോട്ട് സർവ്വീസിന്റെയും നടത്തിപ്പിനായി Special Purpose Vehicle (SPV), പബ്ലിക് ലിമിറ്റഡ് കമ്പനിയായി രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.207/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/01/2020

---

പരാമർശം:- 1 09.08.2017-ലെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 1(a) നമ്പർ പ്രമേയം.

2 കൊച്ചി കോർപ്പറേഷൻ മേയറുടെ 13.12.2017-ലെ ISO/MOC1/1301/14 നമ്പർ കത്ത്.

3 കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 28.11.2018-ലെ ISO/MOE1-503/18 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിലുള്ള റോ-റോ സർവ്വീസിന്റെയും പാസഞ്ചർ ബോട്ട് സർവ്വീസിന്റെയും നടത്തിപ്പിനായി Special Purpose Vehicle (SPV) രൂപീകരിക്കുന്നതിന് അനുമതി നല്കണമെന്ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ പരാമർശം (1)-ലെ പ്രമേയത്തിലൂടെ സർക്കാരിനോട് അഭ്യർത്ഥിക്കുകയും ബഹു. കൊച്ചി കോർപ്പറേഷൻ മേയർ പരാമർശം (2) പ്രകാരം ടി പ്രമേയം തുടർ നടപടികൾക്കായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എസ്.പി.വി.യുടെ authorized capital & paid up capital 10 ലക്ഷം രൂപയാണെന്നും എസ്.പി.വി. പബ്ലിക് ലിമിറ്റഡ് കമ്പനിയായി രൂപീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് കീഴിലുള്ള റോ-റോ സർവ്വീസിന്റെയും പാസഞ്ചർ ബോട്ട് സർവ്വീസിന്റെയും നടത്തിപ്പിനായി ഒരു Special Purpose Vehicle (SPV), പബ്ലിക് ലിമിറ്റഡ് കമ്പനിയായി രൂപീകരിക്കുന്നതിന്, ഇതിനായി സർക്കാർ യാതൊരുവിധ സാമ്പത്തിക ബാധ്യതയും വഹിക്കുന്നതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, അനുമതി

നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

ബഹു.മേയർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ(ആമുഖ കത്ത് സഹിതം).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.01.25 14:48:28 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.